# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 854 — 12.12.2012ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ നദികൾക്കായി അതോറിറ്റി

ചോദ്യം : ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. വർക്കല കഹാർ
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. സണ്ണി ജോസഫ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

സംസ്ഥാനത്തെ നദികൾക്കായി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്നും ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ ?

കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി ചെയ്യുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ബില്ലിൽ നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക, സംസ്ഥാനത്തിനകത്തെ ജലവിനിയോഗം ക്രമീകരിക്കുക, ജലമലിനീകരണം തടയുക, ജലസ്രോതസ്സുകളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള പ്രകൃതിചൂഷണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ജലസംബന്ധമായ നാശനഷ്ടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുക എന്നിവ സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. പ്രസ്തുത ബില്ലിന് നിയമപ്രാബല്യം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത അതോറിറ്റിയും ബോർഡുകളും രൂപീകരിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി സമഗ്രപദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കാനാകും.

സെക്ഷൻ ഓഫീസർ